# HIGHER SECONDARY EDUCATION

## FIRST TERMINAL EXAMINATION - 2017

## BUSINESS STUDIES

**Maximum : 80 Scores**
Time: 2½ hours

HSE (II) — Cool off time : 15 Minutes

**General Instructions to candidates:**

- There is a 'Cool off time' of 15 minutes in addition to the writing time of 2½ hours.
- Use the 'cool off time' to get familiar with questions and to plan your answers
- Read the questions carefully before answering
- Calculations, figures and graphs should be shown in the answer sheet itself.
- Malayalam version of the questions is also provided.
- Give equations wherever necessary
- Electronic devices except nonprogrammable calculators are not allowed in the Examination Hall.

**പൊതുനിർദ്ദേശങ്ങൾ**

- നിർദ്ദിഷ്ട സമയത്തിന് പുറമെ 15 മിനിട്ട് 'കൂൾ ഓഫ് ടൈം' ഉണ്ടായിരിക്കും.
- ഉത്തരങ്ങൾ എഴുതുന്നതിന് മുമ്പ് ചോദ്യങ്ങൾ ശ്രദ്ധാപൂർവ്വം വായിക്കണം.
- കണക്ക് കൂട്ടലുകൾ, ചിത്രങ്ങൾ, ഗ്രാഫുകൾ, എന്നിവ ഉത്തരപേപ്പറിൽത്തന്നെ ഉണ്ടായിരിക്കണം.
- ചോദ്യങ്ങൾ മലയാളത്തിലും നൽകിയിട്ടുണ്ട്.
- ആവശ്യമുള്ള സ്ഥലത്ത് സമവാക്യങ്ങൾ കൊടുക്കണം
- പ്രോഗ്രാമുകൾ ചെയ്യാനാകാത്ത കാൽക്കുലേറ്ററുകൾ ഒഴികെയുള്ള ഒരു ഇലക്ട്രോണിക് ഉപകരണവും പരീക്ഷാഹാളിൽ ഉപയോഗിക്കാൻ പാടില്ല

**Answer all questions 1 to 4. Each carries 1 score.** (1x4=4)

1. Rearrange the following managerial functions in sequential order.
   (Planning - Staffing - Organising - Controlling - Directing)
2. Management is
   a. Exact Science  b. Pure Science
   c. Inexact Science  d. None of these
3. 'Management should find the best way to perform a task'. Which technique of management is referred here.
   a. Time Study  b. Motion Study
   c. Method Study  d. Fatigue Study)
4. Which function of management seeks to bridge the gap between where we are and where we want to go?

**1 മുതൽ 4 വരെ ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക. ഓരോന്നിനും ഓരോ മാർക്ക് വീതം.** (1x4=4)

1. താഴെ തന്നിരിക്കുന്ന മാനേജീരിയൽ ധർമ്മങ്ങളെ ക്രമമായി തിരിക്കുക.
   (ആസൂത്രണം - ഉദ്യോഗവൽക്കരണം - സംഘാടനം - നിയന്ത്രണം - മാർഗനിർദേശം)
2. മാനേജ്മെന്റിന്റെ പ്രത്യേകത ഏത്?
   a. പൂർണ്ണശാസ്ത്രം  b. ശുദ്ധശാസ്ത്രം
   c. അപൂർണ്ണശാസ്ത്രം  d. ഇതൊന്നുമല്ല
3. ഒരു ജോലി ചെയ്യുന്നതിനുള്ള ഏറ്റവും മികച്ച വഴി കണ്ടെത്തുന്നതാണ് മാനേജ്മെന്റ്. ഇവിടെ സൂചിപ്പിച്ച മാനേജ്മെന്റ് തന്ത്രമേത്?
   a. സമയപഠനം  b. ചലനപഠനം
   c. രീതിപഠനം  d. ക്ഷീണപഠനം
4. എവിടെയാണ് നിൽക്കുന്നത്, എവിടെയാണ് എത്തേണ്ടത് - ഇവയ്ക്കിടയിലുള്ള വിടവ് നികത്തുന്ന മാനേജ്മെന്റ് ധർമ്മമേത്?

**Answer any 5 from the questions 5 to 11. Each carries 2 score. (5x2=10)**

**5 മുതൽ 11 വരെ ഏതെങ്കിലും 5 ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക. ഓരോന്നിനും രണ്ട് മാർക്ക് വീതം. (5x2=10)**

5. 'The concept of management is relevant in every aspects of life': Which feature of management is indicated here? Briefly explain.

5. മാനേജ്മെന്റ് എന്ന ആശയം ജീവിതത്തിന്റെ എല്ലാ മേഖലകളിലും പ്രസക്തമാണ്. മാനേജ്മെന്റിന്റെ ഏത് പ്രത്യേകതയാണ് ഇവിടെ സൂചിപ്പിക്കുന്നത്? ലഘുവായി വിശദീകരിക്കുക.

6. List out any two features of management as an art.

6. മാനേജ്മെന്റ് ഒരു കല എന്ന നിലയിലുള്ള രണ്ട് പ്രത്യേകതകൾ സൂചിപ്പിക്കുക.

7. The principles of management are intended to apply in all types of organisations. Which nature of the principles of management is indicated here? Briefly explain.


7. എല്ലാത്തരം സ്ഥാപനങ്ങളിലും മാനേജ്മെന്റ് തത്വങ്ങൾ പ്രയോഗിക്കാം. മാനേജ്മെന്റ് തത്വങ്ങളുടെ ഏത് പ്രകൃതത്തെയാണ് ഇവിടെ സൂചിപ്പിക്കുന്നത്? ഹ്രസ്വമായി വിശദീകരിക്കുക.

8. Taylor differentiates the workers as efficient and inefficient by introducing a new wage payment system. Name the system and briefly explain.

8. ടെയ്‌ലർ തൊഴിലാളികളെ കാര്യക്ഷമതയുള്ളവർ, കാര്യക്ഷമത ഇല്ലാത്തവർ എന്നിങ്ങനെ രണ്ടായി തിരിക്കുകയും അവർക്കായി പുതിയ വേതനസമ്പ്രദായം നിർദ്ദേശിക്കുകയും ചെയ്തു. ഈ വേതനസമ്പ്രദായത്തിന്റെ പേരെന്ത്? ഹ്രസ്വമായി വിശദീകരിക്കുക.

9. Complete the diagram by filling the brackets indicated by (?)

9. ചുവടെ തന്നിരിക്കുന്ന ചിത്രത്തിൽ ചോദ്യചിഹ്നങ്ങൾ (?) നൽകിയിട്ടുള്ള ഭാഗത്ത് അനുയോജ്യമായ ഉത്തരമെഴുതുക.




10. Write any two features of globalisation.

10. ആഗോളവൽക്കരണത്തിന്റെ രണ്ട് പ്രത്യേകതകൾ എഴുതുക.

11. Complete the following:

| | |
|---|---|
| Plan developed for one time project | ? |
| Plan developed for routine activities | ? |

11. പട്ടിക അനുയോജ്യമായി പൂരിപ്പിക്കുക.

| | |
|---|---|
| ഒരു പ്രൊജക്ടിനുമാത്രമായി തയ്യാറാക്കുന്ന പദ്ധതി | ? |
| ദൈനംദിന പ്രവർത്തനങ്ങൾക്കുവേണ്ടി തയ്യാറാക്കുന്ന പദ്ധതി | |

**Answer any 5 questions from 12 to 17. Each carries 3 score. (5x3=15)**


**12 മുതൽ 17 വരെ ചോദ്യങ്ങളിൽ ഏതെങ്കിലും 5 എണ്ണത്തിന് ഉത്തരമെഴുതുക. ഓരോന്നിനും 3 മാർക്ക് വീതം. (5x3=15)**

12. Critically examine how co-ordination ensures unity of action in an organisation?

12. ഏകോപനം ഒരു സ്ഥാപനത്തിൽ പ്രവർത്തന ലബ്ധി ഉറപ്പുവരുത്തുന്നു. എന്ന പ്രസ്താവനയുടെ സാധുത പരിശോധിക്കുക.

13. Which management principle is violated here in the given picture? Explain.

13. താഴെ തന്നിരിക്കുന്ന ചിത്രത്തിൽ മാനേജ്മെന്റിന്റെ ഏത് തത്ത്വമാണ് ലംഘിക്കപ്പെട്ടത്? വിശദീകരിക്കുക.




14. 'Utmost centralisation and decentralisation is not good for an enterprise'. Comment.
15. Success of a business enterprise is significantly influenced by its environment. Explain.
16. Govt of India introduced GST(Goods and Service Tax) w.e.f 1 july 2017. Identify the various dimensions of business environment related to this reform.
17. 'Plans are formulated on the basis of certain basic assumptions'. Identify the term used to denote it. List any two examples.

14. പൂർണ്ണമായ കേന്ദ്രീകരണവും വികേന്ദ്രീകരണവും ഒരു സ്ഥാപനത്തിന് നല്ലതല്ല. നിങ്ങളുടെ അഭിപ്രായം വിശദമാക്കുക.
15. ഒരു ബിസിനസ്സിന്റെ വിജയം അതിനെ സ്വാധീനിക്കുന്ന പരിസ്ഥിതി ഘടകങ്ങളെ ആശ്രയിച്ചിരിക്കുന്നു - വിശദീകരിക്കുക.
16. 2017, ജൂലൈ 1 ന് കേന്ദ്ര സർക്കാർ സാധന സേവനനികുതി നടപ്പിലാക്കി. ഇതുമായി ബന്ധപ്പെട്ട വിവിധ പരിസ്ഥിതി ഘടകങ്ങളെ തിരിച്ചറിയുക.
17. 'ആസൂത്രണം ചില സങ്കല്പങ്ങളുടെ അടിസ്ഥാനത്തിലാണ് രൂപപ്പെടുത്തുന്നത്. ഈ സങ്കല്പങ്ങളെ സൂചിപ്പിക്കുന്ന പദം ഏതാണ്? ഇത്തരം സങ്കല്പങ്ങൾക്ക് രണ്ട് ഉദാഹരണങ്ങൾ എഴുതുക.

**Answer any 5 questions from 18 to 23. Each carries 4 score. (5x4=20)**


**18 മുതൽ 23 വരെയുള്ള ഏതെങ്കിലും 5 ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക. ഓരോന്നിനും 4 മാർക്ക് വീതം. (5x4=20)**

18.a. Identify the levels of management to which the following personnels belong?

b. Explain the functions they perform.


18.a. ഒരു സ്ഥാപനത്തിൽ ജോലി ചെയ്യുന്ന താഴെ പറയുന്നവരുമായി ബന്ധപ്പെട്ട മാനേജ്മെന്റ് തലങ്ങൾ കണ്ടെത്തുക.

b. അവരുടെ കടമകൾ വിശദീകരിക്കുക.




19. Find out the missing managerial persons from the diagram given below and explain the functions to be performed by them.

19. താഴെ തന്നിരിക്കുന്ന ചിത്രത്തിൽനിന്നും വിട്ടുപോയ മാനേജ്മെന്റ് വ്യക്തിത്വങ്ങളെ കണ്ടെത്തി അവരുടെ ധർമ്മങ്ങൾ വിശദീകരിക്കുക.




20. State the significance of management principles.

20. മാനേജ്മെന്റ് തത്വങ്ങളുടെ പ്രാധാന്യം വിശദീകരിക്കുക.

21. Match the following:

| A | | B |
|---|---|---|
| a) Introduction of ATM machines | - | a) Social environment |
| b) Increasing the number of fast food restaurants | - | b) Economic Environment |
| c) Companies Act 2013 | - | c) Political Environment |
| d) Reserve bank increased the interest rate | - | d) Technological Environment |
| | - | e) Legal environment |

21. ചേരുംപടി ചേർക്കുക.

| A | | B |
|---|---|---|
| a) എ.ടി.എം. മെഷീനുകളുടെ ആവിർഭാവം | - | a) സാമൂഹ്യ പരിസ്ഥിതി |
| b) ഫാസ്റ്റ്ഫുഡ് റെസ്റ്റോറന്റുകളുടെ വർധന | - | b) സാമ്പത്തിക പരിസ്ഥിതി |
| c) കമ്പനി നിയമം 2013 | - | c) രാഷ്ട്രീയ പരിസ്ഥിതി |
| d) റിസർവ് ബാങ്ക് പലിശനിരക്ക് കൂട്ടി | - | d) സാങ്കേതിക പരിസ്ഥിതി |
| | - | e) നിയമ പരിസ്ഥിതി |

22. Which management function is called as the basis of all other functions? Explain its importance in business?

23. Planning do not guarantee success. Do you agree? Justify your answer.

**Answer any 3 from the questions 24 to 27. Each carries 5 score. (5x3=15)**

24. Examine the features of management as a Science.

25. Newly appointed CEO of "Kanthi Enterprises Ltd" emphasises the following things in her opening speech while addressing the employees, she
   > Requests the employees to maintain punctuality.
   > Offers fair pay and reward to the employees.
   > Calls for the avoidance of discrimination.
   > Requests to give prior importance to organisational interest and must go ahead with the spirit of oneness.

   Identify the principles of management referred here. Who is the propounder of these principles?

26. The sum total of all factors beyond the control of a business unit that influence the business is termed as ________. Discuss the features of it.

27. What do you mean by planning? How does it improve the efficiency of organisation?

22. മറ്റെല്ലാ മാനേജ്മെന്റ് ധർമ്മങ്ങളുടെയും അടിസ്ഥാനമായി പ്രവർത്തിക്കുന്ന മാനേജ്മെന്റ് ധർമ്മം ഏതാണ്? അതിന് ബിസിനസ്സിലുള്ള പ്രാധാന്യം വിശദീകരിക്കുക.

23. 'ആസൂത്രണം വിജയം ഉറപ്പുനൽകുന്നില്ല'. പ്രസ്താവനയോട് താങ്കൾ യോജിക്കുന്നുവോ? ഉത്തരം സാധൂകരിക്കുക.

**24 മുതൽ 27 വരെ ചോദ്യങ്ങളിൽ ഏതെങ്കിലും 3 എണ്ണത്തിന് ഉത്തരമെഴുതുക. ഓരോന്നിനും 5 മാർക്ക് വീതം. (5x3=15)**

24. ഒരു ശാസ്ത്രമെന്ന നിലയിൽ മാനേജ്മെന്റിന്റെ പ്രത്യേകതകളെ പരിശോധിക്കുക.

25. 'കാന്തി എന്റർപ്രൈസസ്' ലിമിറ്റഡിൽ പുതിയതായി നിയമിതയായ ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, തൊഴിലാളികളോടുള്ള തന്റെ ആമുഖ പ്രസംഗത്തിൽ താഴെ പറയുന്ന കാര്യങ്ങൾ പ്രത്യേകം ഓർമിപ്പിച്ചു.
   - സ്ഥാപനത്തിൽ ജീവനക്കാർ കൃത്യനിഷ്ഠ ഉറപ്പുവരുത്തണം എന്ന് അഭ്യർത്ഥിച്ചു.
   - തൊഴിലാളികൾക്ക് മെച്ചപ്പെട്ട വേതനവും പ്രതിഫലവും വാഗ്ദാനം ചെയ്തു.
   - സ്ഥാപനത്തിൽ യാതൊരുവിധ വിവേചനവും ഉണ്ടാകില്ലെന്ന് ഉറപ്പുനൽകി.
   - സ്ഥാപന താൽപര്യത്തിന് പരമ പ്രാധാന്യം നൽകുകയും ഒരൊറ്റ മനസ്സോടെ പ്രവർത്തിക്കുകയും വേണം എന്ന് ഓർമ്മിപ്പിച്ചു.

   അവർ നൽകിയ നിർദ്ദേശങ്ങൾക്ക് അടിസ്ഥാനമായ മാനേജ്മെന്റ് തത്വങ്ങൾ ഏതെല്ലാം? ഈ തത്വങ്ങളുടെ ഉപജ്ഞാതാവ് ആരാണ്?

26. ഒരു ബിസിനസ്സിനെ സ്വാധീനിക്കുന്നതും ബിസിനസ്സിന്റെ നിയന്ത്രണത്തിനപ്പുറത്തുള്ളതുമായ വിവിധ ഘടകങ്ങളുടെ ആകെത്തുകയെ .............. എന്നുപറയുന്നു. അതിന്റെ പ്രത്യേകതകൾ ചർച്ച ചെയ്യുക.

27. ആസൂത്രണമെന്നത് കൊണ്ട് അർത്ഥമാക്കുന്നതെന്ത്? അതെങ്ങനെയാണ് സ്ഥാപനത്തിന്റെ കാര്യക്ഷമതയെ വർദ്ധിപ്പിക്കുക?

**Answer any 2 from the questions 28 to 30. Each carries 8 score. (2x8=16)**

28. "Coordination is the essence of management". Do you agree? Justify your answer by explaining its features and importance.

29. F.W Taylor emphasised the application of science in management. Identify the management thought put forward by him. Explain its techniques.

30. Examine the following situation and find out the suitable type of plan with brief explanations of it.
    a. ABC Ltd. wants to improve their sales by 10%.
    b. Air India offers discount in their flight ticket rates.
    c. Popular Motors gives promotion 'on the basis of merit only'.
    d. Honda Ltd. selects their new employees by conducting written test, interview, group discussion and checking references.

**28 മുതൽ 30 വരെ ചോദ്യങ്ങളിൽ നിന്ന് ഏതെങ്കിലും 2 എണ്ണത്തിന് ഉത്തരമെഴുതുക. ഓരോന്നിനും 8 മാർക്ക് വീതം. (2x8=16)**

28. 'ഏകോപനം മാനേജ്മെന്റിന്റെ അന്തഃസത്ത എന്നറിയപ്പെടുന്നു' - ഈ പ്രസ്താവനയോട് യോജിക്കുന്നുണ്ടോ? പ്രത്യേകതകൾ, പ്രാധാന്യം എന്നിവ വിശദീകരിച്ച് ഉത്തരം സാധൂകരിക്കുക.

29. മാനേജ്മെന്റിൽ ശാസ്ത്രത്തിന്റെ പ്രയോഗത്തിന് ടെയ്‌ലർ പ്രാധാന്യം നൽകുന്നു. അദ്ദേഹം മുന്നോട്ട് വച്ച മാനേജ്മെന്റ് സിദ്ധാന്തത്തിന്റെ പേരെന്താണ്? ഇതിലെ തന്ത്രങ്ങൾ വിശദീകരിക്കുക.

30. താഴെ പറയുന്ന സാഹചര്യങ്ങൾ പരിശോധിച്ച് ബന്ധപ്പെട്ട പദ്ധതി ഏതെന്ന് കണ്ടെത്തി വിവരിക്കുക.
    - എ, ബി, സി ലിമിറ്റഡ് എന്ന സ്ഥാപനത്തിന് അവരുടെ വില്പന 10% വർദ്ധിപ്പിക്കണം.
    - എയർ ഇന്ത്യ അവരുടെ വിമാന നിരക്കിൽ കിഴിവ് വാഗ്ദാനം ചെയ്യുന്നു.
    - പോപ്പുലർ മോട്ടോർസ് സ്ഥാനകയറ്റത്തിന് 'മെറിറ്റ്' മാത്രം മാനദണ്ഡമാക്കുന്നു.
    - ഹോണ്ട ലിമിറ്റഡ് എഴുത്ത് പരീക്ഷ, അഭിമുഖം, ഗ്രൂപ്പ് ചർച്ച, മറ്റുള്ളവരോട് അഭിപ്രായം ചോദിക്കൽ എന്നിവയിലൂടെയാണ് ജോലിക്കാരെ തെരഞ്ഞെടുക്കുന്നത്.

###